അനെർട്ട് സാങ്കേതിക സഹായം നൽകിവരുന്നു. ഇത്തരത്തിൽ 434.36 കിലോവാട്ട് പദ്ധതികൾ പൂർത്തിയാകുകയും 689 കിലോവാട്ട് പദ്ധതികളുടെ പണി പുരോഗമിക്കുകയും ചെയ്യുന്നു. അനെർട്ടിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്. 6-1-2014-ൽ എൻ.എച്ച്.പി.സി.-യും കേരള സർക്കാരും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.പി.സി.-യുമായി സഹകരിച്ച് പാലക്കാട് ജില്ലയിൽ 82 മെഗാവാട്ട് കാറ്റാടിപ്പാലം സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള വൈദ്യുതി പ്രതിസന്ധി

51 (397) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള വൈദ്യുതി പ്രതിസന്ധിയും ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആഗോള വിപണിയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കുറവ്, കായംകുളം, ബി. എസ്. ഇ. എസ്., കോഴിക്കോട് നിലയങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വിലയിൽ എത്രമാത്രം കുറവുണ്ടാക്കിയിട്ടുണ്ട് ; മുൻപ് ഉണ്ടായിരുന്ന വിലയും ഇപ്പോഴത്തെ വിലയും വ്യക്തമാക്കുമോ ;

(സി) ഈ നിലയങ്ങളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയും കെ. എസ്. ഇ. ബി. ലിമിറ്റഡ് വാങ്ങുന്ന വൈദ്യുതിയും എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിലയുടെ കുറവ് വേനൽക്കാലത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സഹായിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജലസംഭരണികളിൽ പരമാവധി വെള്ളം വേനൽക്കാലത്തെ വർദ്ധിച്ച ഉപയോഗത്തിനുവേണ്ടി സംഭരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സംഭരണശേഷിയും പ്രതിദിന ഉപയോഗവും കണക്കിലെടുത്താൽ 22 മുതൽ 24 ദശലക്ഷം യൂണിറ്റ് വരെ വൈദ്യുതി വരുന്ന വേനൽക്കാലത്ത് ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്. കേന്ദ്രപൂളിൽനിന്ന് പരമാവധി വൈദ്യുതി ലഭ്യമാക്കിയും വൈദ്യുതി വ്യാപാരികളിൽനിന്നും ഉൽപ്പാദകരിൽനിന്നും കരാറിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി മുഴുവനായും ലഭ്യമാക്കിയും കൂടാതെ അധികമായി വേണ്ടിവരുന്ന വൈദ്യുതി കേരളത്തിലെ ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും ഉൽപാദിപ്പിച്ചും വരുന്ന വേനൽക്കാലത്ത് ലോഡ്ഷെഡ്ഡിംഗും പവർകട്ടും പരമാവധി ഒഴിവാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കൊച്ചിയിലെ BSES നിലയത്തിലും NTPC-യുടെ കായംകുളം നിലയത്തിലും LSHS, നാഫ്ത തുടങ്ങിയ ദ്രവഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്. ദ്രവ ഇന്ധനങ്ങളുടെ വിലയിലും ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ടി നിലയങ്ങളുടെ വൈദ്യുതിയുടെ ഇന്ധനവില മാത്രം യൂണിറ്റിന് 7 രൂപയിലധികമാണ്. ടി നിരക്ക്, വൈദ്യുത വ്യാപാരികളിൽ നിന്നും ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിരിക്കുന്ന നിരക്കിനേക്കാൾ അധികമാണ്. കൂടാതെ വൈദ്യുതി വാങ്ങൽ ചെലവ് യൂണിറ്റ് ഒന്നിന് 5 രൂപയ്ക്കുള്ളിലായിരിക്കണമെന്ന് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ കാരണങ്ങളാൽ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ (ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുന്നതും മാത്രമേ) ടി നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുകയോ ഷെഡ്യൂൾ ചെയ്യുകയോ ഉള്ളൂ.

വേനൽക്കാലത്തെ വൈദ്യുതിക്ഷാമം

52 (398) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് സംസ്ഥാനത്ത് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം പ്രതിദിനം ശരാശരി എത്ര യൂണിറ്റാണെന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് വരാൻ പോകുന്ന കടുത്ത വൈദ്യുതിക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വേനൽക്കാലത്ത് സംസ്ഥാനത്ത് പ്രതീക്ഷിക്കുന്ന ശരാശരി പ്രതിദിന ആവശ്യകതയും ശരാശരി പ്രതിദിന ആഭ്യന്തര ഉത്പാദനവും (കെ.എസ്.ഇ.ബി. നിലയങ്ങളിൽനിന്നും) മാസം തിരിച്ച് താഴെപ്പറയുംപ്രകാരം കണക്കാക്കിയിരിക്കുന്നു :

ക്രമ നമ്പർ	യൂണിറ്റ്	മാർച്ച്	ഏപ്രിൽ	മേയ്
a	പ്രതീക്ഷിക്കുന്നവൈദ്യുതി ആവശ്യകത (ദശലക്ഷം യൂണിറ്റ്)	68.50	69.00	66.00
b	ലക്ഷ്യമിടുന്നആഭ്യന്തര ഉല്പാദനം (ദശലക്ഷം യൂണിറ്റ്)	22.26	20.83	20.32

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly